# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1702 — 14.12.2012 ലെ മറുപടിക്ക്

# പാർട്ട്ടൈം കണ്ടിജന്റ് നിയമനം

**ചോദ്യം**

ശ്രീ. റ്റി.വി.രാജേഷ് :

(എ) കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽപ്പെട്ട ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ശിശുമന്ദിരത്തിൽ നേഴ്സറി ടീച്ചറായ ശ്രീമതി എൻ. വി. ഗീതയെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരിയായി ക്രമവൽക്കരിക്കുന്നതിനുള്ള ഫയലിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവായിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ?

**ഉത്തരം**

ഡോ. എം. കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി )

(എ) യും (ബി) യും

30.12.2000 നോ അതിനുമുൻപോ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ പതിനൊന്നിന പരിപാടിയുടെ ഭാഗമായി ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ട് തുടർച്ചയായി ജോലി നോക്കി വരുന്ന 300 ലൈബ്രേറിയൻമാർ, 147 നഴ്സറി ടീച്ചർമാർ, 134 ആയമാർ എന്നിവരെ സർക്കാർ സ്ഥിരപ്പെടുത്തി ഉത്തരവായിരുന്നു. എന്നാൽ വിവിധ കാരണങ്ങളാൽ മേൽ സൂചിപ്പിച്ച പട്ടികയിൽ ഉൾപ്പെടാതിരുന്ന അർഹരായ ജീവനക്കാരെ കണ്ടെത്തി അവരെക്കൂടി പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തുന്നതിനായി ഇവരുടെ പട്ടിക തയ്യാറാക്കി നടപടി സ്വീകരിച്ചു വരികയാണ്. പ്രസ്തുത പട്ടികയിൽ ചെറുതാഴം ഗ്രാമ

പഞ്ചായത്തിലെ ശിശു മന്ദിരത്തിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ശ്രീമതി. എൻ.വി. ഗീതയും ഉൾപ്പെട്ടിട്ടുണ്ട്. ഇവരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ള വിശദാംശങ്ങൾ പഞ്ചായത്ത് ഡയറക്ടറിൽ നിന്നും നഗരകാര്യ ഡയറക്ടറിൽ നിന്നും ലഭ്യമാക്കി പരിശോധിക്കേണ്ടതുണ്ട്. ആയത് ലഭ്യമാക്കി ഇത് സംബന്ധിച്ച തുടർ നടപടികൾ വേഗത്തിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ